of the answers on the previous day itself so that they could get some time to prepare themselves in the matter of putting supplementary questions.

Mr. President: The suggestion of the Hon'ble Member will be considered.

Mr. V. R. Krishnan Ezhuthassan *(Oorakam):* Sir, I may be allowed to put the short notice question.

Mr. President: Unfortunately you were not in your seat.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, we solicit that opportunity may be given for putting that question in view of the importance of the subject.

Mr. President: When a short notice question is admitted because of its urgency and importance, it is the duty of the Hon'ble Member to be in his place, A short notice question is answered before the other questions and answers—that itself shows the importance and urgency —and therefore it is the duty of the Member who sent the question to be in his seat and be vigilent. That is the principle. But this time without establishing a precedent and in view of the importance of the question, the Chair allows the Hon'ble Member to put it.

2. QUESTIONS AND ANSWERS

SHORT NOTICE QUESTIONS

1. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ:

(എ) ഇക്കഴിഞ്ഞ വ്യാഴാഴ്ച ശ്രീ. തമ്മനത്തു് അരവിന്ദാക്ഷനേയും, ശ്രീ. വിശ്വത്തേയും പോലീസ്സ് അറസ്റ്റ് ചെയ്തുകയുണ്ടായോ;

(ബി) ഏതു നിയമവും വകുപ്പും അനുസരിച്ചാണ് അവരെ അറസ്റ്റ് ചെയ്തിരിക്കുന്നതു്;

(സി) എന്താണ് അവരെ അറസ്റ്റ് ചെയ്യുവാൻ കാരണം;

(ഡി) അവർ ഇപ്പോൾ എവിടെയാണ്;

(ഇ) അറസ്റ്റിനെ സംബന്ധിച്ചു വല്ല നിവേദനങ്ങളും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വ്.

(ബി) കൊച്ചി ക്രിമിനൽ നടപടി നിയമം 151-ം, 107-ം വകുപ്പുകളനുസരിച്ചു്.

(സി) പൊതു സമാധാന രക്ഷക്കു് അവരോടു ജാമ്യം വാങ്ങേണ്ടതാണെന്നു് ഡിസ്ട്രിക്ട് മജിസ്ട്രേട്ട കോടതി മുമ്പാകെ ക്രമിനൽ നടപടി നിയമം 151-ം 107-ം വകുപ്പുകളനുസരിച്ചു് പോലീസ് ഹർജി ബോധിപ്പിച്ചതിനെ തുടർന്നുണ്ടായ ടി കോടതിയിലെ വാറണ്ടു കല്പന.

(ഡി) എറണാകുളം സബ്ബ് ജെയിലിൽ.

(ഇ) ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അറസ്റ്റുചെയ്ത രണ്ടുപേരും വിദ്യാർത്ഥികളാണെന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: വിദ്യാർത്ഥികളായിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എത്രകാലമായി വിദ്യാർത്ഥികളല്ലാതായിട്ടു്?

റാവുബഹദൂർ ടി. കെ. നായർ: അറിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട വല്ലകാരണവുംകൊണ്ടാണോ അവരെ അറസ്റ്റുചെയ്തതു്?

റാവുബഹദൂർ ടി. കെ. നായർ: അല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ ചോദ്യകർത്താവു് ഇന്നത്തെ കൃഷിമന്ത്രിയുടെ പ്രീമിയറുടെ കക്ഷിയായ പ്രജാമണ്ഡലം പാർട്ടിയിലെ ഒരംഗമാണെന്നു ഗവണ്മെണ്ടിനറിയാമൊ?

Mr. President: How does it arise from the question?

Mr. P. Kumaran Ezhuthassan *(Vadakkancheri):* That is my question, Sir.

Mr. President: It does not arise.

Mr.P. Kumaran Ezhuthassan(*Vadakkancheri*): If it does not arise, it need not be answered.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ചോദ്യകർത്താവു ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറുടെ മരുമകനാണെന്ന ഗവൺമെണ്ടിനറിയാമോ?

No answer.

മിസ്റ്റർ പി. കെ. ഡിവർ: ഇവരെ അറസ്റ്റുചെയ്തതു കൌൺസിലിന്റെ മുമ്പിൽനടന്ന പ്രകടനം സംബന്ധിച്ചാണോ?

റാവുബഹദൂർ ടി. കെ. നായർ: അതും, പലതും.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഈ രണ്ടുപേർ കോളേജിൽനിന്നു എക്സ്പെൽചെയ്ത ൫൭ പേരിൽ പെട്ടവരാണോ?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഈ ൫൭ പേരുടെകാര്യം ഇന്നാണു സിൻറിക്കേറ്റു തീരുമാനിയ്ക്കാൻ പോകുന്നതെന്നകാര്യം ഗവൺമെണ്ടിനോർമ്മയുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഓർമ്മയുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഓർമ്മയുള്ളസ്ഥിതിക്കു അകാരണത്താലൊ, സകാരണത്താലൊ, ഇവരെ അറസ്റ്റുചെയ്തതുമൂലം അതവക്കുകിട്ടാൻപോകുന്നതിനു വിഘാതമാണെന്ന ഗവൺമെണ്ടിനറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ആ വിഷയത്തെക്കുറിച്ചു ആലോചിയ്ക്കുന്ന സന്ദർഭമുണ്ടായിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ വിഷയത്തെക്കുറിച്ചു് ആലോചിച്ചിട്ടേയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: അറസ്റ്റിനെസംബന്ധിച്ചിടത്തോളം എന്റെ മാന്യസ്നേഹിതൻ ചോദിച്ചചോദ്യവും ഈവിഷയവുംതമ്മിൽ ബന്ധമില്ലെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇവരെ അറസ്റ്റുചെയ്തിട്ടുള്ളതു ഇവക്കു യൂനിവേഴ്സിറ്റിയിൽനിന്നു കിട്ടാവുന്ന ഗുണകരമായതീപ്പിന്നു കടകവിരുദ്ധമായി വിലങ്ങടിച്ചുനില്ക്കുന്ന എന്നു ഗവൺമെണ്ടഭിപ്രായപ്പെട്ടിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അറസ്റ്റുചെയ്യുന്ന സന്ദർഭത്തിൽ ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കുകയുണ്ടായിട്ടില്ല.

2. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ:

(എ) ഇക്കഴിഞ്ഞ വ്യാഴാഴ്ച, എറണാകുളത്തുവെച്ചു് ശ്രീ. തമ്മനത്തു അരവിന്ദാക്ഷനേയും ശ്രീ. വിശ്വത്തേയും പോല്ലീസ്സ് അറസ്റ്റ് ചെയ്തതിനെ തുടർന്നു അന്നു വൈകുന്നേരം രാജേന്ദ്രമൈതാനത്തുണ്ടായിരുന്ന ഒരു ജനക്കൂട്ടം പോല്ലീസ്സ് സ്റ്റേഷനിലേക്കും അവിടെനിന്നു പ്രധാനമന്ത്രിയുടെ വസതിയിലേക്കും മാർച്ചു ചെയ്തുകയുണ്ടായൊ;

(ബി) ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ നിയമസഭയുടെ മുമ്പിൽ വെക്കുവാൻ ഗവൺമെണ്ടിനു ഭയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വ്.

(ബി) കേസ്സുകൾ കോടതി നടപടിയിൽ ഇരിക്കുന്നതിനാൽ വിശദവിവരങ്ങൾ പായുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇവരെ അറസ്റ്റുചെയ്തു ലോക്കപ്പിൽ വച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ഇവക്കുവേണ്ട സൌകര്യങ്ങൾ ഗവൺമെണ്ടു ചെയ്തുകൊടുക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: അവക്കുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: തമ്മനത്തു് അരവിന്ദാക്ഷനെ അറസ്റ്റുചെയ്തതിനു ശേഷം അതിനെ പ്രതിഷേധിക്കാൻ രാജേന്ദ്രമൈതാനത്തുകൂടിയ ഒരുമഹാസമ്മേളനം നടന്നുകൊണ്ടിരിക്കുന്നതിന്റെ മദ്ധ്യത്തിൽവെച്ചാണൊ രണ്ടാമത്തെആളായ ശ്രീ വിശ്വത്തിനെ അറസ്റ്റു ചെയ്തതു?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: ഒരു മീറ്റിംഗ്സ്ഥലത്തുവെച്ചാണു് അറസ്റ്റുചെയ്തതെന്നു് എനിക്കറിയാം. മഹാസമ്മേളനമായിരുന്നൊ പ്രതിഷേധത്തിനുവേണ്ടി കൂടിയയോഗമായിരുന്നൊ എന്നു ഗവണ്മെണ്ടിനറിവില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അന്നു രാജേന്ദ്രമൈതാനത്തുവെച്ചുകൂടിയ യോഗംതന്നെ ദൃത്തെയാളെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിക്കാൻവേണ്ടിയാണെന്നു് അന്നവിടെയുണ്ടായിരുന്ന ഗവണ്മെണ്ടു ചുരുക്കെഴുത്തുകാരന്റെ റിപ്പോർട്ടുകൊണ്ടു ഗവണ്മെണ്ടിനു മനസ്സിലായില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഈ ചോദ്യത്തിനു് ആൻസർതയ്യാറാക്കുന്ന അവസരത്തിൽ എന്തോവശ്യത്തിനുവേണ്ടിയാണു് അവിടെ മീറ്റിംഗ്കൂടിയതു് എന്നു അറിവില്ലാത്തതുകൊണ്ടാണു് അങ്ങിനെപറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മിനിഞ്ഞാന്നടന്നയോഗത്തിൽ ഹാജരായി റിപ്പോർട്ടെടുത്തിട്ടുള്ള സക്കാർ ചുരുക്കെഴുത്തു റിപ്പോർട്ടരുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിഅവർകൾക്കു് ഇതുവരെ കിട്ടിയിട്ടില്ലെന്നാണോ വിശ്വസിയ്ക്കേണ്ടതു്?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസു വേണം.

Mr. President: When an Hon'ble Member wants notice, he doesn't mean immediate notice

മിസ്റ്റർ പി. കെ. പോൾ: എത്രവക പ്രമുസരിച്ചാണു അറസ്റ്റുചെയ്തിരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ; ക്രിമിനൽ നടപടിനിയമം [illegible] വകപ്രകാരമനുസരിച്ചു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: "ഇക്കഴിഞ്ഞ വ്യാഴാഴ്ച എറണാകുളത്തുവച്ചു ശ്രീമാൻ തമ്മനത്തു അരവിന്ദാക്ഷനേയും, ശ്രീമാൻ വിശ്വത്തേയും പോലീസ് അറസ്റ്റുചെയ്തതിനെത്തുടർന്നു് അന്നു വൈകുന്നേരം രാജേന്ദ്രമൈതാനത്തുണ്ടായിരുന്ന ഒരു ജനക്കൂട്ടം പോലീസ് സ്റ്റേഷനിലേക്കും, അവിടെനിന്നു പ്രധാനമന്ത്രിയുടെ വസതിയിലേക്കും മാർച്ചുചെയ്തുകയുണ്ടായോ?" എന്ന ചോദ്യത്തിനു് "ഉവ്വു"" എന്നു് ഉത്തരം പറഞ്ഞിട്ടുണ്ടു്. പ്രധാനമന്ത്രിയുടെ വസതിയിലേക്കു മാർച്ചു ചെയ്ത എന്നുള്ള കേസ് ഉൾപ്പെടെയാണോ, അന്വേഷണത്തിൽ ഇരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: ഇതുസംബന്ധിച്ചുള്ള വിശദവിവരങ്ങൾ എന്നു പറഞ്ഞിട്ടുള്ളതു് ഈ രണ്ടുപേരെ അറസ്റ്റുചെയ്ത കേസിനെ സംബന്ധിച്ചായിരിക്കും എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു മറുപടി പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മീറ്റിംഗ്സ്ഥലത്തുനിന്നും ഒരു ജനക്കൂട്ടം പോലീസ് സ്റ്റേഷനിലേക്കും, പ്രധാനമന്ത്രിയുടെ വസതിയിലേക്കും മാർച്ചുചെയ്തതിനെ സംബന്ധിച്ചു കേസുണ്ടോ? എന്നാണു ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: പ്രൊസഷൻ മാർച്ചുചെയ്തതിനെ സംബന്ധിച്ചു് കേസൊന്നും നിലവിലില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പ്രൊസഷൻനയിച്ചിരുന്നതു് വിദ്യാർത്ഥികളാണോ?

റാവുബഹദൂർ ടി. കെ. നായർ: വിദ്യാർത്ഥികളെ അതിനുള്ളിൽ കണ്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രൊസഷനിൽ ചുരുങ്ങിയതു് എത്ര ആളുകൾ ഉണ്ടായിരുന്നു?

റാവുബഹദൂർ ടി. കെ. നായർ: പ്രൊസഷൻ മീറ്റിംഗ്സ്ഥലത്തുനിന്നും പുറപ്പെട്ടപ്പോൾ, പത്തിരുന്നൂറാളുകൾ ഉണ്ടായിരുന്നു. എന്നാൽ അതു് ചുരുങ്ങി ചുരുങ്ങി പ്രീമിയറുടെ വീടിന്റെ അടുക്കൽ ചെല്ലുമ്പോഴേക്കും പത്തുമുപ്പതാളായിട്ടുണ്ടു്. അതിനുശേഷമുള്ള വിവരങ്ങളൊന്നും എനിയ്ക്കറിവില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രീമിയറുടെ വീടിന്റെ അടുക്കലേയ്ക്കു ചെല്ലുമ്പോഴേക്കും എത്തു് അയസ്സാന്തശക്തിയുടെ പ്രയോഗംകൊണ്ടാണു് ആളുകൾ കുറഞ്ഞതു്?

റാവുബഹദൂർ ടി. കെ. നായർ: മീറ്റിംഗ്സ്ഥലത്തു് ആളുകൾ ധാരാളം കൂടിയിട്ടുണ്ടായിരിക്കും. അവരെല്ലാവരും മീറ്റിംഗ്കേൾക്കാൻ വന്നവരായിരിക്കുകയില്ല. വൈകുന്നേരം കാറ്റുകൊള്ളാൻ വരുന്ന ആളുകളും അവിടെ ഉണ്ടായിരിക്കും. അവരും പ്രസംഗം കേൾക്കാൻ വന്നിട്ടുണ്ടാകും. എന്നാൽ ജാഥയായി അവിടെനിന്ന മീറ്റിംഗുകാർ പോകെ

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ അവിടെ നില്ക്കുന്നവരെല്ലാവരും ഉണ്ടായി എന്നു വരുകയില്ല. പ്രൊസഷനിൽ കൂടി ഉണ്ടാകുന്നവർതന്നെ അവിടവിടെയായി കുറേശ്ശെ പിരിഞ്ഞുപോയി എന്നുവരും. ഒടുവിൽ അങ്ങോട്ടു പോകാൻ ഉദ്ദേശിച്ചതു് ആളുകൾ മാത്രമായിതീരും. അതുകൊണ്ടാണു് ആളുകൾ കുറയുന്നതു്".

PAY REVISION COMMITTEE—PARTICULARS REGARDING

47. Mr. P. A. Mohamed Ashrof *(Cranganur):* Will Government be pleased to state.—

(*a*) the number and designation of officers whose pay have been revised other than on the recommendation of the Pay Revision Committee in the years 1120, 1121 and 1122;

(*b*) the original and revised scales of pay of each category of officers whose pay have been so revised;

(*c*) what are the reasons which induced the Government to revise their pay;

(*d*) when was the Pay Revision Committee appointed;

(*e*) whether the pay of any of the officers has been revised after the constitution of the Committee;

(*f*) if the answer to (*e*) is in the affirmative whether the Committee has been consulted before the revision of their pay?

Mr. P. Govinda Menon *(Prime Minister):*

(*a*), (*b*) and (*c*) (Please see Appendix I.)

(*d*) 27th July 1946.

(*e*) Yes.

(*f*) No.

മിസ്റ്റർ പി. കെ. ഡീവർ: ഫിഷറീസ് ഡിപ്പാർട്ട്മെന്റിലുള്ള ആളുകളുടെ ശമ്പളം കൂട്ടിയതിന്റെ തുകയാണോ, അതോ തസ്തിക കൂട്ടിയതിന്റെ തുകയാണോ ഇതു വലിയ സംഖ്യ കാണുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുതിയ തസ്തിക ഉണ്ടാക്കിയതുംകൂടി ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: മൃസിയം സൂപ്രണ്ടിന്റെ ശമ്പളം വ ൦ രൂപയിൽനിന്നു ൧ ൦ ൦ രൂപയാക്കിയതു് എന്നാണു്? ൧ ൦ ൦ — ൧൫ ൦ എന്നുള്ളതു് പിന്നീടു വർദ്ധിപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു വേണം.

മിസ്റ്റർ എം. കെ. രാജ: ഇ. എന്ന ഉപവകുപ്പിനു് yes എന്ന ഉത്തരം പറഞ്ഞിട്ടുണ്ടു്. കമ്മിറ്റി യെനിശ്ചയിച്ചശേഷം, എന്തടിയന്തിരമായ പരിഗണനകളാണു് ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം പുനഃപരിശോധന ചെയ്യാൻ ഗവൺമെണ്ടിനെ പ്രേരിപ്പിച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപൂർവ്വം ചില കേസുകളിൽ റിവൈസ്സുചെയ്തിട്ടുണ്ടു്. കാരണം വളരെ മുമ്പുതന്നെ നിശ്ചയിച്ചിരുന്നതും, വളരെ അത്യാവശ്യമായതുകൊണ്ടുമാണു് അങ്ങിനെ ചെയ്തതു്.

മിസ്റ്റർ എം. കെ. രാജ: എഫ് എന്ന ഉപവകുപ്പിനു് നൽകിയ No എന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ കമ്മിറ്റി നിലവിലിരിക്കുമ്പോൾ അവരോടാലോചിക്കാൻ എന്തായിരുന്നു വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നിയില്ല. കമ്മിറ്റിയെ ജനറലായി എല്ലാ ഉദ്യോഗങ്ങളുടേയും ശമ്പളം റിവൈസ്സുചെയ്യാൻ വെച്ചതാണു്. അതിനെപ്പറ്റി നിർദ്ദേശിച്ചാൽ തീരുമാനമെടുക്കേണ്ടതു ഗവൺമെണ്ടാണു്. ഗവൺമെണ്ടിനെ അഡൈവസ്സുചെയ്യാനാണു് കമ്മിറ്റിയെ വെച്ചിട്ടുള്ളതു്. ഗവൺമെണ്ടിനുതന്നെ ബോദ്ധ്യംവന്നിട്ടുള്ള കാര്യങ്ങൾ കമ്മിറ്റിയോടാലോചിക്കണമെന്നില്ല. ഗവൺമെണ്ടിലെ ചില ഉദ്യോഗസ്ഥന്മാർതന്നെയാണു് ആ കമ്മിറ്റിയിലുള്ളതു്.

മിസ്റ്റർ എം. കെ. രാജ: ശമ്പളപരിഷ്കരണകമ്മിറ്റി ഒരു ഉപദേശകകമ്മിറ്റിയാണെങ്കിൽ പറഞ്ഞുവല്ലൊ. മറ്റുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും ഈ നയം സ്വീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: No എന്ന മറുപടി പറഞ്ഞതു് ടെക്കനിക്കലായിട്ടു കമ്മറ്റിയോടാലോചിച്ചിട്ടില്ലായെന്നുള്ളതുകൊണ്ടാണു്. ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാരാണു് കമ്മറ്റിയിലെ അംഗങ്ങൾ. ഉദാഹരണമായി ചീഫ് സിക്രട്ടറി അതിലെ മെമ്പറാണു് അദ്ദേഹമാണു് ഇതു ചെയ്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly